നികുതി വരുമാനത്തിൽ നഷ്ടം ഉണ്ടാകാത്തവിധത്തിൽ കോമ്പൗണ്ടിംഗ് നിരക്കിൽ ഒരു ശതമാനം വീതം വർദ്ധനവ് വരുത്തുകയും വകുപ്പ് 6(2) പ്രകാരമുള്ള വാങ്ങൽ നികുതി നൽകണമെന്ന വ്യവസ്ഥ പിൻവലിക്കുകയും ചെയ്തുകൊണ്ട് കരാർ പണിക്കാരുടെ കോമ്പൗണ്ടിംഗ് ഘടനയിൽ പുനഃക്രമീകരണം നടത്തിക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ച് 6 ശതമാനം നിരക്ക് 7 ശതമാനം ആയും 4 ശതമാനം എന്നത് 5 ശതമാനമായും 3 ശതമാനം എന്നത് 4 ശതമാനമായും വർദ്ധിപ്പിക്കുകയുണ്ടായി. ഇത് റവന്യൂ ന്യൂട്രൽ റേറ്റ് ആണെന്നാണ് കണക്കാക്കിയിരിക്കുന്നത്. വാങ്ങൽ നികുതി ഒഴിവാക്കിയതിനെ തുടർന്നുണ്ടാകാവുന്ന റവന്യൂ നഷ്ടം കോമ്പൗണ്ട് നികുതി ഒരു ശതമാനം ഉയർത്തിയതിലൂടെ പരിഹരിക്കുമെന്നതിനാൽ റവന്യൂ നഷ്ടം ഉണ്ടാകാൻ സാദ്ധ്യതയില്ല

സാമ്പത്തിക പ്രതിസന്ധിയും നിയമന നിരോധനവും

186 (526) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ സംസ്ഥാനത്ത് വിവിധ തസ്തികകളിലായി 30,000 ജീവനക്കാർ അധികമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; ഇത് സംബന്ധിച്ച് ധനകാര്യവകുപ്പ് സെക്രട്ടറി ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകാമോ ;

(ബി) സംസ്ഥാനത്ത് നിയമന നിരോധനം നിലനിൽക്കുന്നുണ്ടോ ; പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച് വകുപ്പ് തലവൻമാരെ ഏകോപിച്ചുകൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി 30,000 താത്ക്കാലിക തസ്തികകൾ അധികമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 19-9-2014 ലെ സ.ഉ.(പി) നമ്പർ 400/2014/ധന പ്രകാരം 2014-15 വർഷത്തിൽ ഇത്തരം അധിക തസ്തികകളുടെ 25% റദ്ദ് ചെയ്യാൻ ഉത്തരവായിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് നിയമന നിരോധനം നിലവിലില്ല. 19-9-2014 ലെ സ.ഉ.(പി) നമ്പർ 400/2014/ധന. പ്രകാരം 2015 മാർച്ച് 31 വരെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെയോ എക്സ്റ്റേണൽ എയ്ഡഡ് പ്രോജക്ടുകളുടേയോ ഭാഗമായോ കേന്ദ്ര/സംസ്ഥാന നിയമങ്ങൾ അനുശാസിക്കുന്ന പ്രകാരമോ അല്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് അനിവാര്യമായ സാഹചര്യങ്ങളിൽ ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറിയും പി&എ.ആർ.ഡി-യുടെയും ബന്ധപ്പെട്ട ഭരണ വകുപ്പിന്റെയും പ്രതിനിധികളും ബന്ധപ്പെട്ട വകുപ്പ് മേധാവിയും ഉൾപ്പെട്ട കമ്മിറ്റി ശുപാർശ ചെയ്യുന്ന നിർദ്ദേശങ്ങൾ ധനകാര്യവകുപ്പിന്റെയും പി&എ.ആർ.ഡി-യുടെയും ബന്ധപ്പെട്ട ഭരണ വകുപ്പിന്റെയും സെക്രട്ടറിമാർ ഉൾപ്പെട്ട കമ്മിറ്റി പരിശോധിച്ച് മന്ത്രിസഭയ്ക്ക് മുമ്പാകെ സമർപ്പിക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

മന്ത്രിസഭാ ചർച്ചയ്ക്ക് ധനകാര്യ വകുപ്പ് മേധാവി നൽകിയ കുറിപ്പ്

187 (527) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പൊതുധനകാര്യ സ്ഥിതി സംബന്ധിച്ച് മന്ത്രിസഭാ ചർച്ചയ്ക്ക് ധനകാര്യ വകുപ്പ് മേധാവി ഡോ. കെ. എം. അബ്രഹാം നല്കിയ കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) 2014 സെപ്റ്റംബർ 17-ന് നടന്ന മന്ത്രിസഭാ യോഗത്തിൽ പ്രസ്തുത കുറിപ്പ് ചർച്ചചെയ്തതിനുശേഷം ഈ വിഷയത്തിൽ എടുത്തതീരുമാനങ്ങൾ എന്തെല്ലാമായിരുന്നു ; അതിന്റെ തുടർച്ചയായി പിന്നീട് എടുത്ത തീരുമാനങ്ങളും വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) മന്ത്രിസഭയ്ക്ക് സമർപ്പിക്കുന്ന കുറിപ്പുകൾ നിയമസഭയിൽ സമർപ്പിക്കുന്ന കീഴ്വഴക്കം ഇല്ല.

(ബി) നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗറ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളുടെ വില കുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly